**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 769** **11-06-2024 - ൽ മറുപടിയ്ക്ക്**

**സഹകരണ മേഖലയുടെ ശാക്തീകരണം.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി എസ് ജയലാൽ | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖം - സഹകരണ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാറിന്റെ കാലത്ത് സഹകരണ മേഖലയെ ശാക്തീകരിക്കുന്നതിനായി എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്നും പൊതുജനങ്ങൾക്ക് ആശ്വാസമേകുന്ന എന്തെല്ലാം ആനുകൂല്യങ്ങൾ നടപ്പിലാക്കിയിട്ടുണ്ടെന്നും വിശദമാക്കാമോ; | (എ) | സംസ്ഥാനത്തെ സഹകരണ മേഖലയുടെ സമഗ്ര പരിഷ്കരണം ലക്ഷ്യമിട്ട് പതിനഞ്ചാം കേരള നിയമ സഭയുടെ ഒൻപതാം സമ്മേളനത്തിൽ ഭരണ പ്രതിപക്ഷ ഭേദമന്യേ ബഹുമാനപ്പെട്ട സഭ കേരള സഹകരണ സംഘം (മൂന്നാം ഭേദഗതി) ബിൽ പാസ്സാക്കുകയുണ്ടായി. പ്രസ്തുത ബില്ലിന് ബഹുമാനപ്പെട്ട സംസ്ഥാന ഗവർണ്ണറുടെ അംഗീകാരം ലഭിക്കുകയുണ്ടായി.<br><br>**കേരള ബാങ്ക്**<br><br>ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേരളത്തിലെ സഹകരണ മേഖലയെ ശാക്തീകരിക്കുന്നതിനായി കേരളത്തിലെ സഹകരണ മേഖലയെ ത്രിതല സംവിധാനത്തിൽ നിന്നും ദ്വിതല സംവിധാനത്തിലേക്ക് പൂർണമായി മാറ്റുകയും കേരളാ ബാങ്കിന്റെ രൂപീകരണം പൂർത്തിയാക്കുകയും ചെയ്തു. ഇതേ തുടർന്ന് കേരളത്തിലെ സഹകരണ മേഖലയിൽ എല്ലാ വിധ ആധുനിക ബാങ്കിംഗ് സേവനങ്ങളും ലഭ്യമാക്കുന്നതിന് കഴിഞ്ഞു. കേരളാ ബാങ്കിൽ ഏറ്റവും ആധുനികമായ ഏകീകൃത സോഫ്റ്റ് വെയർ പ്രവർത്തനം തുടങ്ങിയതിനെ തുടർന്ന് ഡിജിറ്റൽ ബാങ്കിംഗ്, UPI, മൊബൈൽ ബാങ്കിംഗ്, എന്നിവ മിതമായ നിരക്കിൽ സാധാരണക്കാർക്ക് ലഭ്യമാക്കുന്നതിന് കഴിഞ്ഞു. കേരളത്തിലെ കാർഷിക വായ്പയുടെ പലിശ നിരക്ക് 7 ശതമാനത്തിൽ നിന്നും 6 ശതമാനമാക്കി കുറക്കുന്നതിന് കേരളാ ബാങ്കിന്റെ രൂപകരണത്തിലൂടെ കഴിഞ്ഞു. കേരളാ ബാങ്കിന്റെ നേതൃത്വത്തിൽ കേരളാ സംസ്ഥാനത്തെ വിവിധ കേന്ദ്രങ്ങളിൽ 500 ഓളം ATM മെഷീനുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. |

കൂടാതെ കേരളാ ബാങ്കിൽ നിന്നും വായ്പ എടുത്തിട്ടുള്ള വായ്പക്കാർക്ക് ആശ്വാസമേകുന്നതിലേക്കായി നവകേരളീയം കുടിശ്ശിക നിവാരണം എന്ന പേരിൽ ഒരു ഒറ്റ തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കുകയുണ്ടായി. ഈ പദ്ധതിയിലൂടെ 65,809 വായ്പകളിലായി 442.28 കോടി രൂപ വായ്പക്കാർക്ക് ഇളവ് അനുവദിക്കുന്നതിന് കഴിഞ്ഞു. പ്രാഥമിക സഹകരണ സംഘങ്ങൾക്കായി കേരളാ ബാങ്ക് നടപ്പിലാക്കിയിട്ടുള്ള വിവിധ പദ്ധതികളിലൂടെ 203 പ്രോജക്ടുകളിലായി 436 കോടി രൂപയുടെ ബഹുമുഖ സേവന പദ്ധതികൾ നടപ്പിലാക്കിവരുന്നു.

**Co-operative Initiative in Technology Driven Agriculture (CITA)**

കാർഷിക അനുബന്ധ മേഖലകളുടെ മത്സര ക്ഷമതയും പ്രവർത്തന ക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി, 2022-2023 സാമ്പത്തിക വർഷം മുതൽ സാങ്കേതിക വിദ്യാധിഷ്ഠിത കൃഷിയിൽ സഹകരണ മേഖലയുടെ നൂതന പദ്ധതി (Co-operative Initiative in Technology Driven Agriculture (CITA) എന്ന പദ്ധതി ആരംഭിച്ചു. കൃഷിയെ പ്രോത്സാഹിക്കുന്നതിനും, അതിന്റെ ഉന്നമനത്തിനുമായി സഹകരണ മേഖലയുടെ പിന്തുണയോടെ കാർഷികോൽപ്പന്നങ്ങളുടെ ഉൽപാദനം, സമാഹരണം സംഭരണം, മൂല്യ വർദ്ധിത ഉൽപ്പന്നമാക്കൽ, ചില്ലറ വിൽപ്പന എന്നിവയെ പരിപോഷിപ്പിച്ച് അടുത്ത 5 വർഷത്തിനുള്ളിൽ കേരളത്തിൽ കാർഷിക വികസന മുന്നേറ്റമുണ്ടാക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. 2024-25 സാമ്പത്തിക വർഷം ടി പദ്ധതിക്കായി ആകെ 3000 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഉൽപ്പാദനത്തിലും, സംഭരണത്തിനും വിപണനത്തിനുമുള്ള ഇടപെടലിനോടൊപ്പം കൃഷി ചെയ്യുന്നതു മുതൽ വിപണനം നടത്തുന്നതു വരെയുള്ള എല്ലാ പ്രവർത്തികളെയും പരിപോഷിപ്പിച്ച് നടപ്പിലാക്കുന്ന ടി പദ്ധതിയിൽ ഉൾപ്പെടുത്തി 20 സഹകരണസംഘങ്ങൾക്ക് 848.50 ലക്ഷം രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്.

സഹകരണ ഉൽപ്പന്നങ്ങളുടെ ഉത്പാദനം, വിപണനം, കയറ്റുമതി എന്നിവ പ്രോത്സാഹിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് സഹകരണ ഉത്പന്നങ്ങളുടെ ഉത്പാദനം, സംസ്കരണം, വിപണനം എന്നിവയിൽ ഏർപ്പെട്ടിരിക്കുന്ന എല്ലാ സഹകരണ സ്ഥാപനങ്ങൾക്കും സാമ്പത്തിക സഹായം നൽകാൻ ഉദ്ദേശിച്ചുള്ള ഈ പദ്ധതി പ്രകാരം സഹകരണ

ഉൽപന്നങ്ങളുടെ സംഭരണം, തരംതിരിക്കൽ, ഗ്രേഡിംഗ്, വിപണനം എന്നിവയിൽ ഏർപ്പെടുന്ന തരത്തിലുള്ള സംഘങ്ങൾക്ക് ടി പദ്ധതി മുഖേന ധനസഹായം അനുവദിക്കുന്നതിനായി 2024-25 സാമ്പത്തിക വർഷം ആകെ 750 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ടി പദ്ധതിയിൽ നിന്നും 50 ലക്ഷം രൂപ അനുവദിച്ച് നൽകിയിട്ടുണ്ട

റൈസ് മിൽപദ്ധതി ആരംഭിച്ചു. കേരള സർക്കാരിന്റെ 100 ദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി കോട്ടയം ആസ്ഥാനമായി പാലക്കാട് ജില്ല ഒഴിച്ചുള്ള ജില്ലകൾ പ്രവർത്തന പരിധിയായി നെല്ല് സംഭരണം പ്രധാന പ്രവർത്തനോദ്ദേശമായി 27.08.2021 തീയതിയിൽ 4505 നമ്പർ കേരള പാഡി പ്രൊക്യൂർമെന്റ് പ്രോസസ്സിംഗ് & മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ക്ലിപ്തം രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിക്കുകയുണ്ടായി. 310 കോടി രൂപ അംഗീകൃത ഓഹരി മൂലധനവും കോട്ടയം ജില്ലയിലെ 43 പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ നിലവിൽ അംഗങ്ങളുമായിട്ടുള്ള ടി സംഘം കോട്ടയം ജില്ലയിൽ മീനച്ചിൽ താലൂക്കിൽ 9 ഏക്കർ 62 സെന്റ് സ്ഥലം വാങ്ങിച്ചു. കർഷകർക്ക് വരുമാനവും സാധാരണക്കാർക്ക് കുറഞ്ഞ വിലയിൽ അരി ലഭ്യമാക്കുകയുമാണ് ടി സംഘത്തിന്റെ പ്രധാന ലക്ഷ്യം. അരിയും മൂല്യവർദ്ധിത ഉല്പന്നങ്ങളും വിപണിയിൽ എത്തിക്കുന്നതിനായി സംഘം റൈസ് മില്ല് സ്ഥാപിക്കുന്നതിന് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിയുമായി ചേർന്ന് 08.11.2023 ൽ എം.ഒ.യു. ഒപ്പ് വച്ചിട്ടുള്ളതാണ്. ടി റൈസ് മില്ലിന്റെ നിർമ്മാണം 18 മാസത്തിനുള്ളിൽ പൂർത്തീകരിക്കുന്നതിനുള്ള ഊർജ്ജിത നടപടി സ്വീകരിച്ചു വരുകയാണ്.

സഹകരണ ഉൽപ്പന്നങ്ങൾക്ക് ഏകീകൃത ബ്രാന്റിംഗ് കൊണ്ടുവന്ന് വിപണി നേടുക എന്ന ലക്ഷ്യത്തോടെ സഹകരണ വകുപ്പ് ആവിഷ്ക്കരിച്ച "ബ്രാൻഡിംഗ് ആന്റ് മാർക്കറ്റിംഗ് ഓഫ് കോ-ഓപ്പറേറ്റീവ് പ്രോഡക്റ്റ്സ്" എന്ന പദ്ധതിയുടെ ഭാഗമായി കൂടുതൽ കോപ്പ്മാർട്ടുകൾ ആരംഭിക്കുന്നതിനു അനുമതി നൽകുകയും നടപടി സ്വീകരിക്കുകയും ചെയ്തു. സഹകരണ ഉൽപ്പന്നങ്ങളുടെ ഗുണനിലവാരത്തിന്റെയും നിലവിലുള്ള സുരക്ഷ സ്റ്റാൻഡേർഡുകളുടെയും അടിസ്ഥാനത്തിൽ സെൻട്രൽ ഗവണ്മെന്റ് അംഗീകാരമുള്ള **coopkerala** സർട്ടിഫിക്കേഷൻ മാർക്ക് നൽകിയിട്ടുണ്ട്. coopkerala മാർക്കോടുകൂടിയ ഉൽപ്പന്നങ്ങൾ ആമസോൺ ഓൺലൈൻ പ്ലാറ്റ്ഫോമിൽ എത്തിക്കുകയുണ്ടായി.

ഇനിയും കൂടുതൽ സഹകരണ ഉൽപ്പന്നങ്ങൾ ഓൺലൈൻ പ്ലാറ്റ്‌ഫോമിൽ കൊണ്ടുവരുന്നതിനുള്ള നടപടി തുടർന്നുവരികയാണ്.

സഹകരണ വകുപ്പിന്റെ ആഭിമുഖ്യത്തിൽ എറണാകുളം മറൈൻഡ്രൈവ് മൈതാനത്ത് വച്ച് 2022 ഏപ്രിൽ 18 മുതൽ 25 വരെ 8 ദിവസങ്ങളിലായും 2023 ഏപ്രിൽ മാസം 22 മുതൽ 30 വരെ 9 ദിവസങ്ങളിലായും ചരിത്ര വിജയമായിതീർന്ന രണ്ട് സഹകരണ എക്സ്‌പോകൾ സംഘടിപ്പിച്ചു. എക്സ്‌പോയിലൂടെ എല്ലാ സഹകരണ സംഘങ്ങളുടെയും ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കുന്നതിനും വിപണനം നടത്തിയതിനും പുറമെ അന്തർദേശീയ, ദേശീയ, സംസ്ഥാന തലങ്ങളിൽ സഹകരണ പ്രസ്ഥാനം കൈവരിച്ചിട്ടുള്ള നേട്ടങ്ങൾ, ഏറ്റെടുത്ത വെല്ലുവിളികൾ, നടപ്പിലാക്കി വരുന്ന ജനപ്രിയ പ്രവർത്തനങ്ങൾ എന്നിവ ജനങ്ങളിൽ എത്തിക്കുന്നതിനും സാധിച്ചു. സഹകരണ മേഖലയെ പ്രത്യക്ഷമായും പരോക്ഷമായും ബാധിക്കുന്ന വിഷയങ്ങളെ ആസ്പദമാക്കി കാലിക പ്രസക്തിയുള്ള 11 സെമിനാറുകൾ വീതം വളരെ വിജയകരമായി രണ്ട് എക്സ്‌പോകളിലും നടത്തുകയുണ്ടായി. സഹകരണ മേഖലയിലെ സ്ഥാപനങ്ങൾ ഉത്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾക്ക കൂടുതൽ വിപണി കണ്ടെത്തുക എന്ന ലക്ഷ്യത്തോടെ എക്സ്‌പോ വേദിയിൽ ബിസിനസ് മീറ്റ് സംഘടിപ്പിച്ചു. അത് വഴി കൂടുതൽ ബിസിനസ്സ് ഓർഡർ ലഭിച്ചിരുന്നു.

**<u>പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളിൽ പൊതു സോഫ്റ്റ്‌വെയർ</u>**

സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളെ ആധുനികവത്കരിക്കുന്നതിനും, അക്കൗണ്ടിംഗ് സിസ്റ്റം ശക്തമാക്കുന്നതിനും, ക്രമക്കേടുകൾ തടയുന്നതിനും, സഹകരണമേഖലയിലേക്ക് കൂടുതൽ ജനങ്ങളെ പ്രത്യേകിച്ച് യുവാക്കളെ ആകർഷിക്കുന്നതിനുമായി പൊതു സോഫ്റ്റ് വെയർ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ആയതിന്റെ ഭാഗമായി ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഉടൻ തന്നെ സേവനദാതാവുമായി കരാറിൽ ഏർപ്പെട്ട് നടപടികൾ പൂർത്തീകരിക്കുന്നതാണ്. വിവിധ ഘട്ടങ്ങളിലായി 18 മാസം കൊണ്ട് പദ്ധതി പൂർത്തീകരിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.

**<u>യുവജന സഹകരണ സംഘങ്ങൾ</u>**

യുവജനങ്ങളുടെ സ്വാശ്രയത്വവും, സാമൂഹിക, സാമ്പത്തിക സുരക്ഷയും ലക്ഷ്യമാക്കിക്കൊണ്ട്

ജില്ലാതലത്തിൽ പ്രവർത്തന പരിധിയായി യുവജന സഹകരണ സംഘങ്ങൾ രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു. യുവജനങ്ങളുടെ തൊഴിലും വരുമാനവും വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ അഭ്യസ്തവിദ്യരായ തൊഴിൽ രഹിതരെ സഹായിക്കാനായി സംസ്ഥാനത്തൊട്ടാകെ വിവിധ സേവന മേഖലകളിലായി നിലവിൽ 32 യുവജന സഹകരണ സംഘങ്ങളുടെ രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കി പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. യുവജനങ്ങളെ സഹകരണ മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിനും, യുവജനങ്ങളുടെ സാമ്പത്തിക, സാംസ്കാരിക ഉന്നമനം ലക്ഷ്യമിട്ടുമാണ് ഇത്തരം സഹകരണ സംഘങ്ങൾ രൂപീകരിച്ചിട്ടുള്ളത്. ടി സംഘങ്ങളുടെ പ്രരംഭ പ്രവർത്തനങ്ങൾക്കായി സർക്കാർ ഓഹരിയായും സബ്സിഡിയായും ഒരു സംഘത്തിന് 10 ലക്ഷം രൂപ വീതം 3കോടി രൂപ ആദ്യഘട്ടത്തിൽ രൂപീകരിച്ച 30 യുവജന സഹകരണ സംഘങ്ങൾക്കായി അനുവദിച്ച് നൽകിയിട്ടുണ്ട്.

**<u>ട്രാൻസ്ജന്റേഴ്സ് വെൽഫെയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി</u>**

ട്രാൻസ്ജെൻഡർ വിഭാഗങ്ങളുടെ സ്വാശ്രയത്വവും, സാമൂഹിക, സാമ്പത്തിക സുരക്ഷയും ലക്ഷ്യമാക്കിക്കൊണ്ട് ട്രാൻസ്ജന്റേഴ്സ് വെൽഫെയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി രൂപീകരിച്ചിട്ടുണ്ട്.

**<u>കേരള സ്റ്റേറ്റ് ഷോപ്പ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് എംപ്ലോയീസ് & ഗിഗ് വർക്കേഴ്സ് വെൽഫെയർ ഫെഡറൽ സഹകരണ സംഘം</u>**

കച്ചവട വ്യാപാര സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന അസംഘടിത തൊഴിലാളികളുടെ സർവ്വതോന്മുഖ അഭിവൃത്തിയും, വ്യാപാര വാണിജ്യ മേഖലയിൽ തൊഴിൽ എടുക്കുന്നവർക്കും ഇപ്പോൾ തൊഴിൽ നഷ്ടപ്പെട്ടവർക്കും അവരുടെ സാമ്പത്തിക ആവശ്യങ്ങൾ നേടുന്നതിനും, പുതിയ തൊഴിൽ മേഖലകൾ കണ്ടെത്തി പരിപോഷിപ്പിക്കുന്നതിനുമായി കേരള സ്റ്റേറ്റ് ഷോപ്പ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് എംപ്ലോയീസ് & ഗിഗ് വർക്കേഴ്സ് വെൽഫെയർ ഫെഡറൽ സഹകരണ സംഘം (കേരള സ്റ്റേറ്റ് ഷോപ്കോസ് ഫെഡ്) എന്ന പേരിൽ ഒരു സഹകരണ സംഘവും രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു.

**<u>കേരള സ്റ്റേറ്റ് ഐ ടി പ്രൊഫെഷണൽ കോപ്പറേറ്റീവ് സൊസൈറ്റി</u>**

കേരളത്തിലെ ഐ.ടി & സയൻസ് ആൻഡ് ടെക്നോളജി പ്രൊഫെഷനലുകളുടെ ക്ഷേമത്തിനായി കേരള സ്റ്റേറ്റ് ഐ.ടി പ്രൊഫെഷണൽ കോപ്പറേറ്റീവ് സൊസൈറ്റി ക്ലിപ്തം നമ്പർ 4515 രൂപീകരിച്ചിട്ടുണ്ട്. ഐ.ടി പ്രൊഫെഷണലുകൾക്ക് വേണ്ടിയുള്ള സാധാരണ ബാങ്കിങ് ഇടപാടുകൾക്ക് പുറമെ, ഐ.ടി ജീവനക്കാർക്കുള്ള വിവിധ ക്ഷേമ പ്രവർത്തനങ്ങൾ, റീസ്കിൽ അപ്പ്സ്കിൽ ട്രെയിനിങ്ങുകൾ, എഞ്ചിനീയറിംഗ് ബിരുദധാരികൾക്കു വേണ്ടിയുള്ള ഇൻഡസ്ട്രി ട്രെയിനിങ് പ്രോഗ്രാമുകൾ, സോഫ്റ്റ്‌വെയർ ഡെവെലപ്മെന്റ്, വിവിധ സോഫ്റ്റ്‌വെയർ സർവീസസ് എന്നിവ നടപ്പിലാക്കുകയാണ് പ്രധാന പ്രവർത്തനോദ്ദേശങ്ങൾ.

**<u>കേരള സംസ്ഥാന ഡിഫറൻഷലി ഏബിൾഡ് സഹകരണ സംഘം</u>**

ഭിന്നശേഷിക്കാരുടെ ഉന്നമനത്തിനായി സംസ്ഥാനത്തെ ഭിന്നശേഷിക്കാരുടെ പുനരധിവാസം, വിദ്യാഭ്യാസ ഉന്നമനം, സാമ്പത്തിക പുരോഗതി, തൊഴിൽ ലഭ്യത എന്നിവ ലക്ഷ്യമാക്കി കേരള സംസ്ഥാന ഡിഫറൻഷലി ഏബിൾഡ് സഹകരണ സംഘം എന്ന പേരിൽ ഒരു സഹകരണ സംഘം സഹകരണ വകുപ്പിന്റെ കീഴിൽ ഭിന്നശേഷിക്കാർക്കായി കോട്ടയം ജില്ല ആസ്ഥാനമായും സംസ്ഥാനം മുഴുവൻ പ്രവർത്തന പരിധിയാക്കി രൂപീകരിച്ചിട്ടുണ്ട്.

**<u>കേരള സ്റ്റേറ്റ് സ്പോർട്ട്സ് അസ്സോസിയേഷൻ മെമ്പേഴ്സ് സോഷ്യൽ വെൽഫെയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് നമ്പർ - 4512</u>**

കേരള സ്റ്റേറ്റ് സ്പോർട്ട്സ് അസ്സോസിയേഷൻ മെമ്പേഴ്സ് സോഷ്യൽ വെൽഫെയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് നമ്പർ 4512, വയനാട് ജില്ല ഒഴികെയുള്ള ജില്ലകൾ പ്രവർത്തന പരിധിയായി സംസ്ഥാനതലത്തിൽ തിരുവനന്തപുരം ആസ്ഥാനമായി രൂപീകരിച്ചിട്ടുണ്ട്. പ്രാദേശിക ദേശീയ അന്തർദേശീയ കായിക വിനോദങ്ങൾ പ്രോത്സാഹിപ്പിക്കുകയും അതിലേയ്ക്കായി പരിസ്ഥിതി സൗഹാർദ്ദപരമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുകയും ചെയ്യുക, സംഘത്തിന്റെ പ്രവർത്തന പരിധിയിലുള്ള സ്റ്റേഡിയങ്ങൾ, കുളങ്ങൾ എന്നിവ പാട്ടത്തിനും, പുതുതായി നിർമ്മിച്ച് ഏറ്റെടുത്ത് കുട്ടികൾക്ക് കായിക പരിശീലനം നൽകുക, സ്കൂളുകൾ, കോളേജുകൾ പ്രാദേശിക അടിസ്ഥാനത്തിൽ സെലക്ഷൻ നടത്തി കായികാഭിരുചിയുള്ള വിദ്യാർത്ഥികളെ കണ്ടെത്തി പരിശീലിപ്പിക്കുക,

കായിക വിനോദങ്ങൾക്കാവശ്യമായ ഉപകരണങ്ങളുടെ നിർമ്മാണം വിതരണം, സ്പോർട്ട്സ് സ്കൂളുകളും കോളേജുകളും ആരംഭിക്കുക, സ്പോർട്ട്സ് / അത് ലറ്റിക്സ് മത്സരങ്ങൾ ഏറ്റെടുത്ത് നടത്തുക, ആയുഷ് വകുപ്പുമായി സഹകരിക്കുക, യോഗ ക്ലാസ്സുകൾ ആരംഭിക്കുക, പ്രകൃതി ചികിത്സ, ആയുർവേദ ചികിത്സ എന്നിവ പ്രോത്സാഹിപ്പിക്കുക തുടങ്ങിയവ ടി സംഘത്തിന്റെ പ്രധാന പ്രവർത്തനോദ്ദേശ്യങ്ങളാണ്.

**<u>സഹകരണ പാലിയേറ്റീവ് കെയർ പദ്ധതി</u>**

കേരള സർക്കാരിന്റെ രണ്ടാം 100 ദിന പരിപാടിയുടെ ഭാഗമായി സഹകരണ വകുപ്പ് ഗുണമേന്മയുള്ള സാന്ത്വന പരിചരണം സഹകരണ മേഖയിലൂടെ എന്ന ഉദ്ദേശ്യത്തോടെ സഹകരണ ആശുപത്രികളുടെ നേതൃത്വത്തിൽ പാലിയേറ്റീവ് കെയർ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. വാർദ്ധക്യത്തെയും രോഗത്തെയും അഭിമുഖീകരിക്കുന്നവരും ആരും ആശ്രയമില്ലാതെ കഴിയുന്നവർക്കും ചികിത്സാ സൗകര്യവും പരിചരണവും ലഭ്യമാക്കുന്ന സംവിധാനമാണിത്. നിലവിൽ 23 ആശുപത്രി സഹകരണ സംഘങ്ങൾ പാലിയേറ്റീവ് കെയർ പദ്ധതിയിൽ വരുന്നു.

**<u>കലാകാരൻമാരുടെ സഹകരണസംഘം</u>**

കോട്ടയം ആസ്ഥാനമായും കേരള സംസ്ഥാനം മുഴുവൻ പ്രവർത്തനപരിധിയായും Kerala State Artist & Artistes Co.operative Society Ltd. No. 4506 (AARTICS) എന്ന പേരിൽ കലാകാരൻമാരുടെ സഹകരണസംഘം രൂപീകരിച്ചിട്ടുണ്ട്. കേരളത്തിലെ സമസ്ത മേഖലയിലുമുള്ള കലാകാരൻമാരെ സഹകരണ അടിസ്ഥാനത്തിൽ സംഘടിപ്പിച്ച് അവരുടെ തൊഴിൽ, സാമൂഹിക സാമ്പത്തിക ഉന്നമനത്തിനായി പദ്ധതികൾ ആവിഷ്കരിക്കുകയും ക്ഷേമത്തിനായി പ്രവർത്തിക്കുകയും ചെയ്യുക, അംഗങ്ങളുടെ ഇടയിൽ കലാസാംസ്കാരിക കൂട്ടായ്മ വളർത്തിയെടുക്കുക, കലാസാംസ്കാരിക പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുക, അംഗങ്ങളുടെ കലാസൃഷ്ടികൾ അവതരിപ്പിക്കുന്നതിന് വേദിയൊരുക്കുകയും അതിനായി പ്രദർശനങ്ങളും ക്ലാസുകളും സെമിനാറുകളും ചർച്ചാപരിപാടികളും ഒരുക്കുകയും ചെയ്യുക, എല്ലാ നാടൻ കലകളും അനുഷ്ഠാനങ്ങളും പാരമ്പര്യ കലകളും ഉൾപ്പെടുന്ന പൈതൃക കലാസംസ്കാരത്തെ പരിപോഷിപ്പിക്കുക, അംഗങ്ങളായ കലാകാരൻമാരെ ആദരിക്കുക, അവാർഡുകൾ നൽകുക, മറ്റു സംസ്ഥാനങ്ങളിലും

വിദേശങ്ങളിലും കലാപരിപാടികൾ നടത്തുന്നതിനാവശ്യമായ സഹായങ്ങൾ ചെയ്തുകൊടുക്കുക, മൺമറഞ്ഞ കലാകാരൻമാരുടെ പ്രവർത്തനങ്ങളെ അനുസ്മരിക്കുക അതിനായി പ്രത്യേക സെമിനാറുകളോ അനുസ്മരണദിന പരിപാടികളോ നടത്തുക തുടങ്ങിയവ സംഘത്തിന്റെ പ്രധാന ഉദ്ദേശ്യങ്ങളാണ്.

**<u>അക്ഷര ഭാഷ സാഹിത്യ മ്യൂസിയം</u>**

കേരള സർക്കാരിന്റെ സാമ്പത്തിക സഹായത്തോടെ സഹകരണ വകുപ്പിന്റെ നേതൃത്വത്തിൽ സാഹിത്യ പ്രവർത്തക സഹകരണസംഘം നടപ്പിലാക്കുന്ന ബൃഹദ് പദ്ധതിയാണ് 'അക്ഷരംമ്യൂസിയം' - Museum of Letter, Literature & Culture. സാഹിത്യ പ്രവർത്തക സഹകരണ സംഘത്തിന്റെ ഉടമസ്ഥതയിൽ കോട്ടയം നാട്ടകത്തുള്ള സ്ഥലത്താണ് മ്യൂസിയം നിർമ്മിക്കുന്നത്. ഭാഷയ്ക്കും സാഹിത്യത്തിനും സംസ്കാരത്തിനും ഊന്നൽ നല്കിക്കൊണ്ട് വിഭാവനം ചെയ്യുന്ന പദ്ധതിയാണിത്.

സർക്കാരിന്റെ രണ്ടാം ഘട്ട 100 ദിന കർമ്മപരിപാടിയിൽ ഉൾപ്പെടുത്തി കോ-ഓപ്പറേറ്റീവ് അക്കാഡമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷൻ (കേപ്പ്) ന്റെ മുട്ടത്തറ എഞ്ചിനീയറിംഗ് കോളേജ് ക്യാമ്പസിൽ കേപ്പിന്റെ ആസ്ഥാനമന്ദിരം നിർമ്മാണം ഉൾപ്പെടുത്തുകയുണ്ടായി. കേപ്പ് സ്ഥാപനങ്ങളുടെ ആസ്ഥാനമന്ദിരം തിരുവനന്തപുരം ജില്ലയിലെ കേപ്പിന്റെ മുട്ടത്തറ എഞ്ചിനീയറിംഗ് കോളേജിൽ നിർമ്മാണം പൂർത്തിയാക്കുകയും, പൂർത്തീകരിച്ച കേപ്പിന്റെ ആസ്ഥാനമന്ദിരം 2022 മെയ് 4-ന് ഉത്ഘാടനം നിർവ്വഹിച്ചു. നിലവിൽ കേപ്പിന്റെ ഹെഡ് ഓഫീസ് പ്രവർത്തിച്ചുവരുന്നത് പുതിയ കെട്ടിടത്തിലാണ്.

കോ-ഓപ്പറേറ്റീവ് അക്കാഡമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷന്റെ കീഴിൽ ആലപ്പുഴ ജില്ലയിലെ പുന്നപ്രയിൽ കിംബ് (KIMB)എന്ന സ്ഥാപനത്തെ നൈപുണ്യവികസനകേന്ദ്രമായി (Skill and Knowlege Development Centre) ഉയർത്തിക്കൊണ്ട് 2022 മെയ് മാസം 9-ന് ആലപ്പുഴ ജില്ലയിലെ അമ്പലപ്പുഴയിൽ ഉത്ഘാടനം നിർവ്വഹിച്ചു.

**<u>നമ്മുടെ കൃഷി -നമ്മുടെ ഭക്ഷണം</u>**

ഏഴ് ജില്ലകളിൽ ഒരു ജില്ലയ്ക്ക് ഒരു വിള എന്ന രീതിയിൽ 500 ഏക്കർ തരിശ്ശുഭൂമിയിൽ അനുയോജ്യമായ കൃഷി നടപ്പിലാക്കുന്ന പദ്ധതി.

കേരള സംസ്ഥാന ടൂറിസം ഫെഡറേഷൻ (ടൂർഫെഡ്) ടൂറിസം ഹോസ്പിറ്റാലി ഇവന്റ് മാനേജ്മെന്റ് മേഖലയിൽ നൂതനമായ വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്ന സ്ഥാപനമാണ്. കൊല്ലം ജില്ലയിൽ അഴീക്കലിൽ ജില്ലാപഞ്ചായത്തിന്റെ അധീനതയിലുള്ള സ്ഥലത്ത് കോഫീഷോപ്പ് നടത്തുന്നതിന് സ്ഥലം ഏറ്റെടുക്കുകയും കോഫീ ഷോപ്പിന്റെ പണികൾ പൂർത്തീകരിച്ച് പ്രവർത്തിച്ച വരുന്നു.

ടെക്നോപാർക്ക് ഹോസ്പിറ്റൽ സൊസൈറ്റിയിൽ ആധുനിക സൗകര്യത്തോടു കൂടിയ മൈക്രോബയോളജി ലാബ്, മൈക്രോബയോളജി റേഡിയോളജി ഡിപ്പാർട്ട്മെന്റ്, റിൽമാമ്മോഗ്രാം സിസ്റ്റം, ഡിജിറ്റൽ എക്കോ പ്ലസ്, ഡിജിറ്റൽ റേഡിയോളജി സിസ്റ്റം എന്നീ മെഷീനുകൾ ഉൾപ്പെടുത്തികൊണ്ടുള്ള നവീകരിച്ച ലാബിന്റെ ഉദ്ഘാടനം 2023 മെയ് 12-ന് ബഹു സഹകരണ വകുപ്പ് മന്ത്രി നിർവഹിച്ചു.സഹകരണ സംഘങ്ങളുടെ നേതൃത്വത്തിൽ ഇൻഡോർ ഫുട്ബാൾ/ക്രിക്കറ്റ്/ ബാഡ്മിന്റൺ ടർഫുകൾ സജ്ജമാക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കിപ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ മുഖാന്തിരം വ്യക്തികൾക്ക് വീടുകളിൽ സൗരോർജ്ജം ഉപയോഗിച്ചുള്ള വൈദ്യുതി നിലയങ്ങൾ സ്ഥാപിക്കുന്നതിന് പരമാവധി 3 ലക്ഷം രൂപ വിതരണം ചെയ്യുന്ന പദ്ധതി നടപ്പിലാക്കി.പ്രാഥമിക സഹകരണ സംഘങ്ങൾ മുഖാന്തിരം ചെറുകിട, വഴിയോര കച്ചവടം, ചെറുസംരംഭം എന്നിവ ആരംഭിക്കുന്നതിനും ഉപജീവന മാർഗ്ഗം കണ്ടെത്തുന്നതിനായി ഓട്ടോറിക്ഷാ വാങ്ങുവാൻ ഉദ്ദേശിക്കുന്നവർക്ക് പ്രാരംഭ ചെലവുകൾ, മെയിന്റനൻസ് എന്നിവയ്ക്കായി "സഹായ ഹസ്തം" എന്ന പേരിൽ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്

**കെയർ ഹോം പദ്ധതി**

2018 ൽ സംസ്ഥാനത്തുണ്ടായ പ്രളയ ദുരന്തത്തിൽ സമ്പൂർണമായും വീട് നഷ്ടപ്പെട്ടവർക്ക് വീട് നിർമ്മിച്ചു നൽകുന്നതിനായി സഹകരണ സംഘങ്ങളുടെ സഹായത്തോടെ സഹകരണ വകുപ്പ് നടപ്പിലാക്കിയ ഭവന നിർമ്മാണ പദ്ധതിയാണ് കെയർ ഹോം. കെയർ ഹോം പദ്ധതിയുടെ ആദ്യ ഘട്ടത്തിൽ സംസ്ഥാനത്തൊട്ടാകെ 2,000 വീടുകൾ നിർമ്മിച്ചു നൽകുന്നതിനാണ് സർക്കാർ തീരുമാനിച്ചിരുന്നത്. റവന്യൂവകുപ്പ്, ജില്ലാ കളക്ടർ എന്നിവരുടെ അധികമായി വീടുകൾ നിർമ്മിച്ചു നൽകണമെന്ന അപേക്ഷ പരിഗണിച്ച്, പദ്ധതി പ്രകാരം നിർമ്മിക്കേണ്ട

വീടുകളുടെ എണ്ണം വിവിധ ഘട്ടങ്ങളായി വർദ്ധിപ്പിച്ച് 2093 വീടുകളാണ് നിർമ്മിച്ച് നൽകുന്നത്. ആയതിൽ 2092 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ച് ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ട്. ശേഷിക്കുന്ന ഒരു വീടിന്റെ നിർമ്മാണം അന്തിമഘട്ടത്തിലാണ്. കഴിഞ്ഞ സർക്കാരിന്റെ കാലഘട്ടത്തിൽ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന കെയർ ഹോം പദ്ധതിയിൽ 27 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ച് ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടുള്ളത് ഈ സർക്കാരിന്റെ കാലത്താണ്.

പദ്ധതിയുടെ ഒന്നാം ഘട്ടത്തിന്റെ ലക്ഷ്യം പൂർത്തീകരിച്ചതിനെ തുടർന്ന് 2018 ലും 2019 ലും ഉണ്ടായ വെള്ളപ്പൊക്കത്തിലും പ്രകൃതിക്ഷോഭത്തിലും വീടും സ്ഥലവും നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിനായി സംസ്ഥാനത്തെ 14 ജില്ലകളിലും ലൈഫ് മിഷൻ നിർദ്ദേശിച്ച സ്ഥലത്ത് ഭവനസമുച്ചയങ്ങൾ നിർമ്മിച്ച നൽകുക എന്നത് ലക്ഷ്യമിട്ടുകൊണ്ട് കെയർ ഹോം പദ്ധതിയുടെ രണ്ടാം ഘട്ടം ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു. തൃശ്ശൂർ ജില്ലയിൽ പഴയന്നൂർ ഗ്രാമപഞ്ചായത്തിൽ 40 കുടുംബങ്ങൾക്ക് വസിക്കാൻ കഴിയുന്ന ഭവനസമുച്ചയത്തിന്റെ നിർമ്മാണം പൂർത്തീകരിച്ച് 2021 ഡിസംബർ 6 ന് ബഹു. കേരള മുഖ്യമന്ത്രി ഉദ്ഘാടനം നിർവ്വഹിച്ച് ഗുണഭോക്താക്കൾക്ക് താക്കോൽ കൈമാറിയിട്ടുണ്ട്.

പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തി പാലക്കാട് ജില്ലയിൽ കണ്ണാടി- 2 വില്ലേജിൽ 28 കുടുംബങ്ങൾക്ക് താമസിക്കാൻ കഴിയുന്ന ഭവന സമുച്ചയത്തിന്റേയും കണ്ണൂർ ജില്ലയിൽ പന്നിയൂർ വില്ലേജിൽ 18 കുടുംബങ്ങൾക്ക് താമസിക്കാൻ കഴിയുന്ന ഭവന സമുച്ചയത്തിന്റേയും നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരുന്നു. മലപ്പുറം ജില്ലയിൽ പൊന്നാനി താലൂക്കിൽ എടപ്പാൾ ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ ഉൾപ്പെട്ട 41 ആർ 5.05 സ്ക്വയർ മീറ്റർ സ്ഥലത്ത് പദ്ധതിയിൽ ഉൾപ്പെടുത്തി ഭവനസമുച്ചയം നിർമ്മിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ടി സ്ഥലത്ത് 40 കുടുംബങ്ങൾക്ക് താമസിക്കാൻ കഴിയുന്ന ഭവന സമുച്ചയം നിർമ്മിക്കുന്നതിനുള്ള പ്ലാൻ, എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കി വരുന്നു. മറ്റു ജില്ലകളിൽ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ടിട്ടുള്ള പ്രാഥമിക പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

**<u>ഉത്സവകാലവിപണി</u>**

ഉത്സവകാലങ്ങളിലുണ്ടാകുന്ന ക്രമാതീതമായ വിലക്കയറ്റം നിയന്ത്രിക്കുന്നതിനുവേണ്ടി സഹകരണ വകുപ്പിന്റെ നേതൃത്വത്തിൽ കൺസ്യൂമർഫെഡ് മുഖേന പ്രാഥമിക സഹകരണ സംഘങ്ങളെ കൂട്ടിയോജിപ്പിച്ചുകൊണ്ട് 13 ഇനം നിത്യോപയോഗ സാധനങ്ങൾ സിവിൽ സപ്ലൈസ് കോർപ്പറേഷൻ നൽകുന്നതിന് സമാനമായ നിരക്കിൽ താത്ക്കാലിക വിപണികൾ നൽകി വരുന്നു. ഇപ്രകാരം സബ്സിഡി വിപണികൾ നടത്തുമ്പോൾ കൺസ്യൂമർഫെഡിനുണ്ടാകുന്ന സബ്സിഡി നഷ്ടം നികത്തുന്നതിനായി സർക്കാർ നോൺ പ്ലാൻ ഇനത്തിൽ തുക വകയിരുത്തുകയും കൺസ്യൂമർഫെഡിന് അനുവദിച്ച് നൽകുകയും ചെയ്യുന്നുണ്ട്.

2021-22 വർഷത്തിൽ സഹകരണ ഓണം വിപണി, വിഷു-ഈസ്റ്റർ, റംസാൻ വിപണികൾ നടത്തിയിട്ടുണ്ട്. ഉത്സവകാല വിപണികൾ നടത്തുന്നതിലേയ്ക്കായി ബഡ്ജറ്റിൽ വകയിരുത്തിയ തുകയിൽ നിന്നും 29.41 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

2022-23 വർഷത്തിൽ സഹകരണ ഓണം വിപണി നടത്തുകയും നോൺ പ്ലാൻ ശീർഷകത്തിൽ നിന്നും 16 കോടി രൂപ ചെലവഴിക്കുകയും ചെയ്തു.

2023-24 വർഷത്തിൽ സഹകരണ ഓണം വിപണി, ക്രിസ്തുമസ് പുതുവത്സര വിപണി എന്നിവ നടത്തിയിട്ടുണ്ട്. തൻവർഷം ബഡ്ജറ്റിൽ വകയിരുത്തിയ തുകയിൽ നിന്നും 35 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

**<u>കുടുംബത്തിനൊരു കരുതൽധനം</u>**

പ്രകൃതി ദുരന്തങ്ങളുടെ മഹാമാരിയുടെ, മറ്റ് അടിയന്തിര സാഹചര്യങ്ങളിൽ വരുമാനം നിലച്ചുപോകുന്ന കുടുംബങ്ങൾക്ക് ഇത്തരം അടിയന്തിര സാഹചര്യങ്ങളെ അതിജീവിക്കാൻ ഒരു പ്രത്യേക നിക്ഷേപം പ്രാഥമിക കാർഷിക വായ്പ സംഘങ്ങളിലൂടെ സ്വരൂപിച്ചെടുക്കുക എന്നതാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യം വയ്ക്കുന്നത്. ഗവൺമെന്റിന്റെ മൂന്നാം നൂറു ദിന കർമ്മപരിപാടിയിൽ ഉൾപ്പെടുത്തി ആദ്യഘട്ടമായി പാലക്കാട് ജില്ലയിൽ പൈലറ്റ് പ്രോജക്ടായി "കുടുംബത്തിന് ഒരു കരുതൽധനം" എന്ന നിക്ഷേപ പദ്ധതി നടപ്പിലാക്കി. പാലക്കാട് ജില്ലയിലെ 26 സർവ്വീസ് സഹകരണ ബാങ്കുകളിൽ 184 അക്കൗണ്ടുകളിലായി 1,39,83,544/- രൂപയുടെ നിക്ഷപം ടി പദ്ധതി പ്രകാരം സ്വീകരിച്ചിട്ടുണ്ട്.

## സഹകാരി സാന്ത്വനം

നിരാലംബരും അശരണരുമായ സഹകാരികളുടെ ചികിത്സാ സഹായത്തിനും ക്ഷേമത്തിനുമായി അശരണരായ സഹകാരികൾക്ക് ആശ്വാസനിധി എന്ന പദ്ധതി സർക്കാരിന്റെ 02/12/2009 ലെ സ.ഉ. (സാധാ) നം. 674/2009/സഹ നമ്പർ ഉത്തരവ് പ്രകാരം രൂപീകരിച്ചിരുന്നു. ടി പദ്ധതി കാലോചിതമായി പരിഷ്കരിച്ച് ബഹു: സർക്കാറിന്റെ 18/02/2022 സ.ഉ (സാധാ) നം. 80/2022/സഹ നമ്പർ പ്രകാരം ഉത്തരവായിട്ടുണ്ട്. സഹകരണ രംഗത്ത് പ്രത്യേകിച്ച് സർക്കിൾ (താലൂക്ക്)/ജില്ല/ സംസ്ഥാന തലത്തിൽ ഏതിലെങ്കിലും സഹകരണ മേഖലയുടെ പുരോഗതിക്കു വേണ്ടി വളരെ കാലമായി പ്രവർത്തിച്ചവരോ, പ്രവർത്തിച്ചുകൊണ്ടിരിക്കുന്നവരോ ആയവരും സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൽ ഉൾപ്പെട്ട സഹകരണ സംഘത്തിന്റെ ഭരണസമിതിയിൽ രണ്ട് തവണയെങ്കിലും അംഗമായിരിക്കുകയും ഇപ്പോൾ അവശത അനുഭവിക്കുകയും ചെയ്യുന്നവരും, വാർഷിക വരുമാനം 3,00,000/- രൂപയിൽ (മൂന്ന് ലക്ഷം) താഴെയുള്ളവരുമായ സഹകാരികൾക്ക് സഹകാരി സാന്ത്വനം പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നതാണ്. ടി പദ്ധതി പ്രകാരമുള്ള ധനസഹായത്തിന് അപേക്ഷിക്കുന്ന ഗുണഭോക്താക്കൾ സഹകരണ മേഖലയിലെ അവരുടെ പ്രവർത്തന വൈകല്യം മൂലം ഒരുവിധ നടപടിയും നേരിടാത്തവർ ആയിരിക്കണം. മേൽ പ്രകാരമുള്ള വിഭാഗത്തിൽപ്പെടുന്ന സഹകാരികൾക്ക് ചികിത്സയ്ക്കായി പരമാവധി 50,000/-രൂപയും സഹകാരികൾ മരണപ്പെട്ടാൽ കുടുംബാംഗങ്ങൾക്ക്/ആശ്രിതർക്ക് പരമാവധി 25,000/- രൂപയും ധനസഹായം ലഭിക്കുന്നതാണ്. മേൽ പദ്ധതി പ്രകാരം ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 387 അപേക്ഷകളിലായി 1,02,80,000/-രൂപ അനുവദിച്ചിട്ടുണ്ട്.

## യുവ വനിത സഹകരണസംഘം

ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സഹകരണ മേഖലയിൽ മുന്നോട്ട് കൊണ്ടു വരിക എന്ന ലക്ഷ്യത്തോടെ മൂന്നാം നൂറു ദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി കോട്ടയം ജില്ലയിൽ കോട്ടയം താലൂക്ക് യുവജന വനിതാ സഹകരണ സംഘം ക്ലിപ്തം നമ്പർ K1244, കണ്ണൂർ ജില്ലയിൽ കണ്ണൂർ ജില്ല യുവ വനിതാ മൾട്ടി പർപ്പസ് സഹകരണ സംഘം ക്ലിപ്തം നമ്പർ സി 2162, തൃശ്ശൂർ ജില്ലയിൽ

കൊരട്ടി യുവ വനിത സഹകരണ സംഘം ക്ലിപ്തം നമ്പർ R 1566 എന്നീ മൂന്നു യുവ വനിത സഹകരണസംഘങ്ങൾ രജിസ്റ്റർ ചെയ്തു നൽകിയിട്ടുണ്ട്.

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്തെ പട്ടികജാതി-പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട യുവ ജനങ്ങളുടെ പങ്കാളിത്തം സഹകരണ മേഖലയ്ക്ക് ലഭ്യമാക്കുക എന്ന ലക്ഷ്യം വച്ച് ഈ സർക്കാരിന്റെ രണ്ടാം ഘട്ട 100 ദിന കർമ്മ പരിപാടിയുടെ ഭാഗമായി ഒരു ജില്ലയിൽ ഒന്നു വീതം, 14 പട്ടിക ജാതി പട്ടിക വർഗ്ഗ യുവ ജന സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചു വരുന്നു. കൂടാതെ സംസ്ഥാനത്ത് സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിലുള്ള പട്ടികജാതി - പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ ഉന്നമനത്തിനും സാമ്പത്തിക സ്വയം പര്യാപ്തതയ്ക്കുമായി പുനർജനി പദ്ധതി 2022-23 വർഷം മുതൽ നടപ്പിലാക്കി വരുന്നു. ഈ പദ്ധതി പ്രകാരം പ്രോജക്ട് തുകയുടെ 50% സബ്സിഡിയായും, 35% ഓഹരിയായും സർക്കാർ ധനസഹായം സംഘങ്ങൾക്ക് നൽകുന്നു. ഈ പദ്ധതിയിൽ ഇതുവരെ 25 പട്ടികജാതി-പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്ക് ധനസഹായം നൽകിയിട്ടുണ്ട്.

**<u>മെമ്പർ റിലീഫ് ഫണ്ട്</u>**

1969 ലെ സഹകരണസംഘം നിയമം വകുപ്പ് 56(1) സി ചട്ടം 53 എ പ്രകാരമാണ് കേരള സഹകരണ അംഗ സമാശ്വാസ നിധി രൂപീകരിച്ചിട്ടുള്ളത്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അഞ്ച് ഘട്ടങ്ങളിലായി ആകെ 39837 അപേക്ഷകർക്ക് 83,33,95,000/- രൂപയുടെ ധനസഹായം അനുവദിച്ചിട്ടുണ്ട്.

**നവകേരളീയം കുടിശ്ശിക നിവാരണം – ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി**

പ്രാഥമിക സഹകരണ സംഘങ്ങൾ/ ബാങ്കുകളുടെ കുടിശ്ശിക കുറക്കുന്നതിനും, കൃത്യമായ വായ്പാ തിരിച്ചടവ് പ്രോത്സാഹിപ്പിച്ച് പ്രാഥമിക സംഘങ്ങൾ/ബാങ്കുകളെ പരമാവധി കുടിശ്ശിക രഹിത സംഘങ്ങൾ/ ബാങ്കുകളായി മാറ്റുന്നതിനും, കുടിശ്ശികക്കാരായ വായ്പാക്കാർക്ക് ആശ്വാസമാവുക എന്ന ലക്ഷ്യത്തോടും കൂടി “നവകേരളീയം കുടിശ്ശിക നിവാരണം – ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി” സഹകരണ വകുപ്പ് നടപ്പിലാക്കാറുണ്ട്.

| | | | |
|---|---|---|---|
| | | | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷവും 2021 ഓഗസ്റ്റ് 16 മുതൽ 2022 സെപ്റ്റംബർ 30 വരെയും, 2023 ഫെബ്രുവരി 1 മുതൽ 2023 ഏപ്രിൽ 30 വരെയും, 2023 നവംബർ 1 മുതൽ 2024 ജനുവരി 31 വരെയും, 2024 മാർച്ച് 1 മുതൽ 2024 മാർച്ച് 31 വരെയും ടി പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.<br><br>ടി പദ്ധതി നടപ്പിലാക്കുമ്പോൾ പിഴപ്പലിശ പൂർണ്ണമായി ഒഴിവാക്കുന്നു. പലിശയിൽ പരമാവധി 50 ശതമാനം വരെ ഇളവ് നൽകുന്നു. വായ്പയുടെ സ്വഭാവം പരിഗണിക്കാതെ എല്ലാത്തരം വായ്പകൾക്കും സാധാരണ പലിശ നിരക്കിൽ പലിശ കണക്കാക്കുന്നു. വ്യവസ്ഥകൾക്ക് വിധേയമായി അർഹരായവർക്ക് പലിശ പൂർണ്ണമായും ഒഴിവാക്കി നൽകുന്നു. അർഹരായവരുടെ വായ്പ പൂർണ്ണമായോ, ഭാഗികമായോ ഇളവ് നൽകുന്നു. സാധാരണക്കാരായ ഗുരുതര രോഗബാധിതർ, മരണപ്പെട്ടവർ, മാതാപിതാക്കൾ മരണപ്പെട്ട ശേഷം മാതാപിതാക്കളുടെ ബാദ്ധ്യത തങ്ങളുടെ ബാദ്ധ്യതയായി നിലനിൽക്കുന്ന മക്കൾ തുടങ്ങിയ വിഭാഗത്തിലുള്ളവർക്ക് ഇളവുകൾ നൽകുന്നതിനും ടി പദ്ധതിയിൽ വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടുണ്ട്.<br><br>**Co-operative Audit Monitoring & Information System (CAMIS)**<br><br>സഹകരണസംഘങ്ങളുടെ ഓഡിറ്റ് റിപ്പോർട്ടിലെ പ്രധാനപ്പെട്ട വിവരങ്ങൾ പൊതുജനങ്ങൾക്കടക്കം പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിനായി Co-operative Audit Monitoring & Information System (CAMIS) എന്ന ഡാഷ് ബോർഡ് സേവനം www.camis.kerala.gov.in എന്ന പേജിലൂടെ ലഭ്യമാണ്. സംഘങ്ങളുടെ അംഗത്വം, നിക്ഷേപം, വായ്പ, ലാഭം/നഷ്ടം തുടങ്ങിയ വിവരങ്ങൾ ഇതിലൂടെ അറിയാൻ കഴിയുന്നതാണ്. സഹകരണമേഖലയുടെ സുതാര്യത ഉറപ്പുവരുത്തുന്നതിനും ഇടപാടുകാർക്കും അംഗങ്ങൾക്കും സ്ഥാപനത്തെ കുറിച്ച് കൂടുതൽ അറിയുന്നതിനും ഈ സേവനം സഹായിക്കുന്നു. |
| (ബി) | സഹകരണ ബാങ്കുകളിലെ ക്രമക്കേടുകൾ തടയുന്നതിനായി പ്രത്യേക നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം നൽകാമോ? | (ബി) | സംസ്ഥാനത്തെ സഹകരണ മേഖലയുടെ സമഗ്ര പരിഷ്കരണം ലക്ഷ്യമിട്ടും ക്രമക്കേടുകൾ തടയുന്നതിനുമായി പതിനഞ്ചാം കേരള നിയമ സഭയുടെ ഒൻപതാം സമ്മേളനത്തിൽ ഭരണ പ്രതിപക്ഷ ഭേദമന്യേ ബഹുമാനപ്പെട്ട സഭ കേരള സഹകരണ സംഘം (മൂന്നാം ഭേദഗതി) ബിൽ പാസ്സാക്കുകയുണ്ടായി. പ്രസ്തുത ബില്ലിന് ബഹുമാനപ്പെട്ട സംസ്ഥാന ഗവർണ്ണറുടെ അംഗീകാരം ലഭിക്കുകയുണ്ടായി. |

സഹകരണ മേഖലയിലെ ചില ഒറ്റപ്പെട്ട ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ സഹകരണ സംഘങ്ങളുടെ ഓഡിറ്റ് കാര്യക്ഷമവും കുറ്റമറ്റതും ആക്കുന്നതിലേയ്ക്കായി ബഹു. കേരള മുഖ്യമന്ത്രിയുടെ അവലോകനയോഗത്തിൽ സഹകരണ വകുപ്പിൽ ടീം ഓഡിറ്റ് സംവിധാനം നടപ്പിലാക്കുന്നതിന് നിർദ്ദേശിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനമൊട്ടാകെ ടീം ഓഡിറ്റ് നടപ്പിലാക്കുന്നതിന് തത്വത്തിൽ സർക്കാർ അംഗീകാരം നൽകുകയും പൈലറ്റ് അടിസ്ഥാനത്തിൽ പത്തനംതിട്ട, തൃശ്ശൂർ എന്നീ ജില്ലകളിൽ ടീം ഓഡിറ്റ് ആരംഭിക്കുകയും ടി പദ്ധതി വൻ വിജയമായതിനെ തുടർന്ന് എല്ലാ ജില്ലകളിലും ടീം ഓഡിറ്റ് നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്.

സഹകരണസംഘങ്ങളുടെ ഓഡിറ്റ് റിപ്പോർട്ടിലെ പ്രധാനപ്പെട്ട വിവരങ്ങൾ പൊതുജനങ്ങൾക്കടക്കം പരിശോധനയ്ക്ക് ലഭ്യമാകുന്നതിനായി Co-operative Audit Monitoring & Information System (CAMIS) എന്ന ഡാഷ് ബോർഡ് സേവനം www.camis.kerala.gov.in എന്ന പേജിലൂടെ ലഭ്യമാണ്. സംഘങ്ങളുടെ അംഗത്വം, നിക്ഷേപം, വായ്പ, ലാഭം/നഷ്ടം തുടങ്ങിയ വിവരങ്ങൾ ഇതിലൂടെ അറിയാൻ കഴിയുന്നതാണ്. സഹകരണമേഖലയുടെ സുതാര്യത ഉറപ്പുവരുത്തുന്നതിനും ഇടപാടുകാർക്കും അംഗങ്ങൾക്കും സ്ഥാപനത്തെ കുറിച്ച് കൂടുതൽ അറിയുന്നതിനും ഈ സേവനം സഹായിക്കുന്നു.

സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളെ ആധുനികവത്കരിക്കുന്നതിനും, അക്കൗണ്ടിംഗ് സിസ്റ്റം ശക്തമാക്കുന്നതിനും, ക്രമക്കേടുകൾ തടയുന്നതിനും, സഹകരണമേഖലയിലേക്ക് കൂടുതൽ ജനങ്ങളെ പ്രത്യേകിച്ച് യുവാക്കളെ ആകർഷിക്കുന്നതിനുമായി പൊതു സോഫ്റ്റ് വെയർ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ആയതിന്റെ ഭാഗമായി ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഉടൻ തന്നെ സേവനദാതാവുമായി കരാറിൽ ഏർപ്പെട്ട് നടപടികൾ പൂർത്തീകരിക്കുന്നതാണ്. വിവിധ ഘട്ടങ്ങളിലായി 18 മാസം കൊണ്ട് പദ്ധതി പൂർത്തീകരിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.

സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച പരിശോധനകൾ കാര്യക്ഷമമാക്കുന്നതിനും ആവശ്യമായ നടപടികൾ സമയബന്ധിതമായി

| | | | |
|---|---|---|---|
| | | | പൂർത്തീകരിക്കുന്നതിനും താലൂക്ക് തലത്തിലും ജില്ലാ തലത്തിലും സംസ്ഥാന തലത്തിലും ഇൻസ്പെക്ഷൻ ടീം രൂപീകരിച്ച് പരിശോധന നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ